# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1060

12/03/2015-ൽ
മറുപടിയ്ക്ക്

## തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങൾ

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ :
ശ്രീ.കെ.എം.ഷാജി :
ശ്രീ.എം.ഉമ്മർ :
ശ്രീ.സി.മോയിൻ കുട്ടി :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ യുവജന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | ലഭിച്ചിട്ടുണ്ട്. ശുപാർശ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോളേജിൽ അച്ചടക്കവും സമാധാനവും നിലനിർത്തുവാൻ ശ്രമിക്കുന്ന അധ്യാപകരെ ഭീഷണിപ്പെടുത്തുന്ന സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഭീഷണിമൂലം പ്രിൻസിപ്പലിനുപോലും അവധിയിൽ പോകേണ്ടിവന്നിട്ടുണ്ടോ ; | (ബി) | കോളേജിലെ വിഷയങ്ങളിൽ ഇടപെട്ടതിന്റെ പേരിൽ പത്തോളം അദ്ധ്യാപകർക്ക് ഭീഷണിക്കത്ത് ലഭിച്ചതായും ഭീഷണികാരണമാണ് പ്രിൻസിപ്പാൾ ഡോ.ബീന അവധിയിൽ പോയതെന്നും, കേരള സർവ്വകലാശാല സെനറ്റ് അംഗവും അന്വേഷണ കമ്മീഷൻ അംഗവുമായ ഡോ.സുരേഷ്.എ.കെ (സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ) യുവജന കമ്മീഷൻ മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്. |
| (സി) | ഗുരുതര ക്രമസമാധാന പ്രശ്നവും ക്രിമിനൽ പ്രവർത്തനങ്ങളും ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ അവ ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | യുവജന കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കമ്മീഷന്റെ ശുപാർശകൾ

1. ചരിത്ര പ്രാധാന്യമുള്ള പൗരാണിക വസ്തുക്കൾ, എണ്ണഛായ ചിത്രങ്ങൾ, കോളേജിലെ പുരാവസ്തു പ്രാധാന്യമുള്ള കെട്ടിടങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതാണ്. ഈക്കാര്യത്തിൽ പുരാവസ്തു വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.
2. മഹത്തായ പാരമ്പര്യമുള്ള കോളേജിൽ സുഗമമായ അദ്ധ്യയന സാഹചര്യം ഒരുക്കുന്നതിനും ബിരുദ തലത്തിലുള്ള കോഴ്സുകൾ കോളേജിൽ പ്രവർത്തിക്കുന്നത് ബിരുദാനന്തര ബിരുദ ഗവേഷണ പഠനങ്ങളെ ദോഷകരമായി ബാധിക്കുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. ബിരുദ വിഭാഗം കോളേജിൽ നിന്ന് വേർപെടുത്തി ബിരുദാനന്തര ബിരുദതലവും ഗവേഷണ വിഭാഗവും കൂടുതൽ കാര്യക്ഷമമായി കോളേജിൽ പ്രവർത്തിപ്പിച്ച് കൊണ്ട് കോളേജിന്റെ പ്രൗഢിയും പാരമ്പര്യവും നിലനിർത്തി ഈ കലാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഇതിനാവശ്യമായ തുക അനുവദിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.
3. ഫർണിച്ചർ ഉൾപ്പെടെ വിലപിടിപ്പുള്ള ഉപകരണങ്ങൾ നഷ്ടപ്പെട്ടതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യം പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ പോലീസിന് റിപ്പോർട്ട് ചെയ്ത് കേസ് എടുത്ത് അന്വേഷണം നടത്തേണ്ടതുമാണ്.
4. വിദ്യാർത്ഥികൾക്ക് സംഘടന പ്രവർത്തനത്തിനുള്ള അവകാശം ഉള്ളതുപോലെ തന്നെ സംഘടനകളിൽ പ്രവർത്തിക്കാതിരിക്കാനോ, അവരുടെ പരിപാടികളിൽ പങ്കെടുക്കാതിരിക്കാനോ ഉള്ള അവകാശവും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇത് ഹനിക്കപ്പെട്ടാൽ വേണ്ട നിയമ നടപടി സ്വീകരിക്കേണ്ടതും ഇതിന് ഇരയാകുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ടവർ സംരക്ഷണം നൽകേണ്ടതുമാണ്.

5. സാമൂഹ്യ വിരുദ്ധർ രാത്രികാലങ്ങളിൽ കോളേജിൽ പ്രവേശിക്കുന്നതായും പെൺകുട്ടികളുടെ ടോയ്‌ലെറ്റുകളുടെ വാതിലുകൾ ഉൾപ്പെടെയുള്ളവ നശിപ്പിക്കുന്നതായും ഉള്ള പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് പട്രോളിംഗ് രാത്രികാലങ്ങളിൽ കോളേജിനുള്ളിൽ നടത്തുക.

6. സ്ഥിരമായി നടക്കുന്ന ഇത്തരം അതിക്രമങ്ങൾ കണക്കിലെടുത്ത് പോലീസ് എയ്ഡ്പോസ്റ്റ് കോളേജിൽ സ്ഥാപിക്കുക.

7. കോളേജിൽ മതിയായ എണ്ണം വാച്ച്മാൻമാരെ നിയമിക്കുകയും, ഐഡന്റിറ്റി കാർഡ് പരിശോധിച്ച് മാത്രം കുട്ടികളേയും മറ്റുള്ളവരേയും കോളേജിനുള്ളിൽ പ്രവേശിപ്പിക്കുകയും ചെയ്യുക.

8. കോളേജുമായി ബന്ധമില്ലാത്തവരും മുൻവിദ്യാർത്ഥികളും അനാവശ്യമായി കോളേജിൽ പ്രവേശിക്കുന്നതും കോളേജിൽ തങ്ങുന്നതും തടയാനുള്ള നടപടി സ്വീകരിക്കുക.

9. കോളേജ് സമയം കഴിഞ്ഞും രാത്രികാലങ്ങളിലും വിദ്യാർത്ഥികളോ മറ്റുള്ളവരോ കോളേജ് ക്യാമ്പസിൽ തങ്ങാൻ അനുവദിക്കരുത്.

10. ഓപ്പൺ സ്റ്റേജിനോടനുബന്ധിച്ചുള്ള ഗ്രീൻറൂം ഒരു വിദ്യാർത്ഥി സംഘടനയുടെ യൂണിറ്റ് ഓഫീസായി ഉപയോഗിക്കുന്നതും അവിടെ വിദ്യാർത്ഥികൾക്ക് ശാരീരിക-മാനസിക പീഡനം ഏൽക്കേണ്ടി വന്നതായ മൊഴി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മുറി അടച്ചുപൂട്ടി താക്കോൽ പ്രിൻസിപ്പാൾ സൂക്ഷിക്കേണ്ടതും കോളേജ് ഔദ്യോഗിക പരിപാടികൾക്കായി മാത്രം തുറക്കേണ്ടതുമാണ്.

11. കോളേജിനുള്ളിൽ ചിലർ സദാചാര പോലീസ് ആയി പ്രവർത്തിക്കുന്നതായും ആൺ - പെൺ സൗഹൃദങ്ങൾക്ക് വിലക്ക് കല്പിക്കുന്നതായും സ്വതന്ത്രമായ ചിന്തയും ആശയങ്ങൾക്കും തടയിടുന്നതായും ഉള്ള പരാതികൾ ഗൗരവതരമായി കാണുന്നതിനാൽ സമാന്തര അധികാര കേന്ദ്രങ്ങൾ അനുവദിക്കാൻ പാടില്ല. ഇത്തരം പ്രവൃത്തികൾക്കെതിരെ കോളേജ് അധികൃതർശക്തമായി നടപടി സ്വീകരിക്കുക.

12. കോളേജിൽ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ നടത്തി വരുന്ന രക്തദാനം, റാഗിംഗ് വിരുദ്ധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. നിർബന്ധപൂർവ്വം രക്തദാനം നടത്തി എന്ന ആരോപണം അടിസ്ഥാന രഹിതമാണെന്നും നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ രക്തദാനം നടത്താൻ കഴിയുകയുള്ളൂവെന്നുമുള്ള എസ്. എഫ് .ഐ. യൂണിറ്റ് കമ്മിറ്റിയുടെ വിശദീകരണം ന്യായമാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടു.

13. വിദ്യാർത്ഥികൾക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ കാര്യത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം പാലിക്കുക.

14. കോളേജിൽ സമാധാന അന്തരീക്ഷം നിലനിറുത്തുന്നതിന് അദ്ധ്യാപ കരും വിദ്യാർത്ഥികളും അടങ്ങിയ കമ്മിറ്റി രൂപീകരിച്ച് ഉചിതമായ നടപടി കൾ സ്വീകരിക്കുക.

15. കോളേജ് മാഗസിൻ അല്ലാത്ത പ്രസിദ്ധീകരണങ്ങളുടെ പേരിൽ വിദ്യാർത്ഥികളിൽ നിന്നും നിർബന്ധ പണപിരിവ് നടത്താൻ അനുവദി ക്കരുത്.

16. ക്ലാസ് സമയത്ത് സമരങ്ങളുടെ പേരിൽ കുട്ടികളെ ക്ലാസിൽ നിന്നും ഇറക്കി ക്കൊണ്ട് പോകുന്ന പ്രവണത അവസാനിപ്പിക്കുക.

17. കോളേജ് കലോത്സവം എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ അവസരം നൽകി നടത്തേണ്ടതാണ്.

18. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികൾ ലഭിച്ചാൽ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

19. അച്ചടക്കം സംബന്ധിച്ച് പ്രിൻസിപ്പൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

20. ലാംഗ്വേജ് ലാബ്, ലൈബ്രറി എന്നിവ കുട്ടികൾക്ക് പ്രയോജന പ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുക.

21. മതിയായ തോതിൽ വൃത്തിയുള്ള ടോയ് ലെറ്റ് സൗകര്യം ശുദ്ധജല സൗകര്യവും ഏർപ്പെടുത്തുക.

22. എല്ലാ ഡിപ്പാർട്ട്മെന്റിലും സ്മാർട്ട് ക്ലാസ് ഏർപ്പെടുത്തുക.

23. വിമൻസ് സെൽ, ആന്റി റാഗിംഗ് സെൽ തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യമായതിനാൽ ഈ സെല്ലുകൾ പുനസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

24. നഗരമദ്ധ്യത്തിൽ പ്രത്യകിച്ച് സെക്രട്ടേറിയറ്റ്, നിയമസഭ, സർവ്വകലാശാല, എം.എൽ.എ. ഹോസ്റ്റൽ എന്നിവയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന കോളേജിൽ സുരക്ഷ കർശനമാക്കേണ്ടത് വളരെ പ്രാധാന്യം അർഹിക്കുന്നു. അതിനാൽ റോഡിന് ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന കോളേജിൽ സുരക്ഷയ്ക്കായി ആവശ്യമായ ക്യാമറകൾ സ്ഥാപിക്കേണ്ടതും ഇത് പോലീസ് നിരീക്ഷണ വിധേയമാക്കേണ്ടതുമാണ്.

25. കോളേജിലെ വിഷയങ്ങളിൽ ഇടപെട്ടതിന്റെ പേരിൽ പത്തോളം അദ്ധ്യാപകർക്ക് ഭീഷണിക്കത്ത് ലഭിച്ചതായും ഭീഷണികാരണമാണ് പ്രിൻസിപ്പാൾ ഡോ. ബീന അവധിയിൽ പോയതെന്നും കേരള സർവ്വകലാശാല സെനറ്റ് അംഗവുമായിട്ടുള്ള അന്വേഷണ കമ്മീഷൻ അംഗമായ ഡോ. സുരേഷ് എ.കെ (സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ) കമ്മീഷന് മൊഴി നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടി അട്ടിമറിക്കുവാൻ ചിലർ നീക്കം നടത്തുന്നതായും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമാന്തര അധികാര കേന്ദ്രവും മോറൽ പോലീസിങ്ങും നിലനിൽക്കുന്നതായും, പെൺകുട്ടികളെ പീഡനങ്ങൾക്ക് വിധേയമാക്കുന്നതായും എസ്.എഫ്.ഐ. യൂണിറ്റ് കൈവശം വെച്ചിട്ടുള്ള മുറി മർദ്ദന മുറകൾക്ക് ഉപയോഗിക്കുന്നതായും എഴുപതോളം ഫർണിച്ചർ മോഷണം പോയതായും ഉള്ള മൊഴി ഗൗരവമായി കണ്ട് പോലീസ് അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്. (മൊഴിയുടെ വിശദമായ പകർപ്പ് ഉൾക്കൊള്ളിക്കുന്നു).

26. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് അനുവദിച്ച് അടിയന്തിരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.

(signature)

സെക്ഷൻ ഓഫീസർ